ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷേത്ര ഭൂമികളിൽ ചിലവ അന്യാധീനപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കണ്ണൂർ ജില്ലയിൽ ഭൂമി സർവ്വേ നടത്തി തിട്ടപ്പെടുത്താൻ നടപടിയെടുത്ത ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെകീഴിൽ ഒരു തഹസീൽദാരുടെ നേതൃത്വത്തിൽ ഒരു ഭൂമി സംരക്ഷണ വിഭാഗം പ്രവർത്തിച്ചു വരുന്നു. കൊച്ചി ദേവസ്വം ബോർഡിൻ കീഴിലുള്ള ക്ഷേത്രങ്ങളിലെ ഭൂമി അളന്ന് തിട്ടപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള 353 ക്ഷേത്രങ്ങളുടെ ഭൂമി സർവ്വേ നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൽ അന്യാധീനപ്പെട്ട ചാവക്കാട് താലൂക്ക് മണത്തല വില്ലേജിൽപ്പെട്ട 1 ഏക്കർ 48 സെന്റ് ഭൂമി കയ്യേറ്റം ഒഴിപ്പിച്ചുനൽകുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ ലഭ്യമായ രേഖകൾവച്ചുള്ള മുഴുവൻ ഭൂമിയും അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ഡി) നടപടികൾ തുടർന്നുവരുന്നു.

പള്ളുരുത്തി കോതകുളങ്ങര ശാസ്താ ക്ഷേത്രത്തിൽ ശബരിമല ഭക്തർക്കുള്ള ഇടത്താവളം

240 (1711) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ദേവസ്വം ബോർഡിന്റെകീഴിലുള്ള പള്ളുരുത്തി കോതകുളങ്ങര ശാസ്താക്ഷേത്രത്തിൽ ശബരിമല ഭക്തർക്കുള്ള ഇടത്താവളം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് ഇതുവരെ കൈക്കൊണ്ടിട്ടുള്ള നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട് ; അഴകിയകാവ് ദേവസ്വത്തിനു കീഴിലുള്ള പള്ളുരുത്തി കോതകുളങ്ങര ക്ഷേത്രത്തോടനുബന്ധിച്ച് ശബരിമല തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി സംവിധാനം ഉണ്ടാക്കുന്നതിനായി പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഡി.ടി.പി.സി.-യുമായി ബന്ധപ്പെട്ട് കൊച്ചി ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly